വഴിവെളിച്ചം

# നാളേക്കുവേണ്ടിയുള്ള കരുതിവെപ്പ്

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا: أَنَّهُمْ ذَبَحُوا شَاةً، فَقَالَ النَّبِيُّ ﷺ: مَا بَقِيَ مِنْهَا؟
قَالَتْ: مَا بَقِيَ مِنْهَا إِلَّا كَتِفُهَا. قَالَ: بَقِيَ كُلُّهَا غَيْرَ كَتِفِهَا

**ആഇശ(റ)യിൽനിന്ന്: നബി(സ)യുടെ വീട്ടുകാർ ഒരാടിനെ അറുത്ത് ദാനം ചെയ്തു. റസൂൽ(സ) ചോദിച്ചു: 'ഇനി അതിൽ വല്ലതും ബാക്കിയുണ്ടോ?' ആഇശ(റ) പറഞ്ഞു: 'അതിന്റെ തോളല്ലാതെ മറ്റൊന്നും ബാക്കിയില്ല.' പ്രവാചകൻ പറഞ്ഞു: 'എങ്കിൽ അതിന്റെ തോളൊഴിച്ച് ബാക്കിയെല്ലാം അവശേഷിച്ചു!'***

**ധനം** അനാവശ്യമായി ചെലവഴിച്ചു തീർക്കാൻ ഒരാളും ഇഷ്ടപ്പെടുകയില്ല. കൂടുതൽ സമ്പാദിക്കണമെന്നാണ് എല്ലാവരുടെയും ആഗ്രഹം. വിഡ്ഢികൾ മാത്രമേ ധനം അനാവശ്യമായി നശിപ്പിച്ചുകളയുകയുള്ളൂ. വിവേകശാലികൾ ആവശ്യത്തിനു പണം ചെലവഴിക്കുകയും അനാവശ്യങ്ങളിൽനിന്ന് അകന്നുനിൽക്കുകയും ചെയ്യുന്നു.

ധനം മറ്റുള്ളവരുമായി പങ്കുവെക്കണമെന്നാണ് ഇസ്‌ലാമിന്റെ ശാസന. ദാനധർമങ്ങൾ നിയമമാക്കിയത് അതിന് വേണ്ടിയാണ്. എന്നാൽ മനുഷ്യപ്രകൃതി ഇതംഗീകരിക്കാൻ മടികാണിക്കുന്നു. ദാനം ചെയ്യുന്നതിലൂടെ ധനം തീർന്നുപോവുമല്ലോ എന്ന ഭീതിയാണ് കാരണം. അധ്വാനിച്ചുണ്ടാക്കിയ പണം അന്യർക്ക് നൽകണമെന്ന് പറഞ്ഞാൽ ആരാണ് അതംഗീകരിക്കുക? വ്യക്തിയെ സ്വാർഥതക്കും പിശുക്കിനും പ്രേരിപ്പിക്കുന്ന ഇത്തരം ചിന്താഗതികളെ തിരുത്തുകയാണ് ഈ നബിവചനം. ദാനം ചെയ്യുന്നവൻ തന്റെ ധനം നശിപ്പിക്കുകയല്ല, ഒരിക്കലും തീർന്നു പോവാത്തവിധം സംരക്ഷിക്കുകയാണ് ചെയ്യുന്നത്.

ഉപയോഗംമൂലം തീർന്നുപോവുന്നതാണ് ധനം. ധനം മാത്രമല്ല; ഭൗതിക വിഭവങ്ങളെല്ലാം അങ്ങനെ തന്നെയാണ്. സ്ഥായിയായി ഒന്നും തന്നെ മനുഷ്യന്റെ കൂടെ നിലനിൽക്കുന്നില്ല. തിന്നും കുടിച്ചും ഭോഗിച്ചും അവ ഒന്നൊന്നായി അവനിൽനിന്ന് വേർപെട്ടുകൊണ്ടിരിക്കും. എന്നാൽ ദാനധർമങ്ങൽ അങ്ങനെയല്ല. അത് ധനത്തെ ക്ഷയിപ്പിക്കുകയോ ക്ഷീണിപ്പിക്കുകയോ ചെയ്യുന്നില്ല; ദാനം ചെയ്യുന്നതിലൂടെ ഒരാൾ തന്റെ ധനം അല്ലാഹുവിന്നാണ് കൈമാറുന്നത്. അതോടെ ധനം മറ്റൊരാൾക്കും തട്ടിയെടുക്കാൻ കഴിയാത്ത സുരക്ഷിതമായ ഒരിടത്ത് ചെന്നെത്തുന്നു. മരണവേളയിൽ മറ്റെല്ലാ ഭൗതികാനുഗ്രഹങ്ങളും മനുഷ്യനെ വിട്ടുപിരിയുമ്പോൾ ദാനധർമങ്ങൾ അവന്റെ കൂടെത്തന്നെ നിൽക്കുന്നു. ഒരിക്കലും അവ അവനെ വിട്ടുപോവുന്നില്ല. അന്ത്യനാളിൽ ആ ദാനധർമങ്ങളെല്ലാം ഇരട്ടിക്കിരട്ടിയായി അല്ലാഹു അവന് തിരിച്ചുനൽകുകയും ചെയ്യും. ഖുർആൻ ഓർമപ്പെടുത്തുന്നു: 'ദൈവമാർഗത്തിൽ ധനം ചെലവഴിക്കുന്നവരുടെ ഉദാഹരണം ഒരു ധാന്യമണിപോലെയാണ്. അത് ഏഴുകതിരുകൾ ഉദ്പാദിപ്പിക്കുന്നു. ഓരോ കതിരിലും നൂറുവീതം മണികളുണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ എത്രയോ ഇരട്ടി പ്രതിഫലം നൽകുന്നു. വിശാലനും അഭിജ്ഞനുമത്രെ അല്ലാഹു' (*അൽബഖറ* 261). നബി(സ) പറഞ്ഞു: "മനുഷ്യൻ 'എന്റെ ധനം, എന്റെ ധനം' എന്നിങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നു. വാസ്തവമാകട്ടെ, അവന്റെ ധനത്തിൽനിന്ന് മൂന്നെണ്ണമേ അവന്റേതായിട്ടുള്ളൂ. അവൻ തിന്നത്, അത് തീർന്നുപോയി. അവൻ ധരിച്ചത്, അത് ദ്രവിച്ചുപോയി. അവൻ ദാനം ചെയ്തത്, അത് ശേഖരിച്ചുവെച്ചു. ബാക്കിയുള്ളതെല്ലാം മറ്റുള്ളവർക്ക് അവൻ വിട്ടേച്ചു പോകുന്നു" (മുസ്‌ലിം 2959).

ദാനശീലന് ഐഹികലോകത്ത് തന്നെ നേട്ടങ്ങളും അഭിവൃദ്ധികളുമുണ്ടാവുന്നു. നബി(സ) പറഞ്ഞു:

"മുസ്‌ലിമിന്റെ ദാനം ആയുസ്സ് വർധിപ്പിക്കുകയും അപമൃത്യു തടയുകയും ചെയ്യുന്നു. അതുവഴി അല്ലാഹു അവനിൽനിന്ന് അഹങ്കാരവും ദുരഭിമാനവും ഇല്ലാതാക്കുകയും ചെയ്യും"(തിർമുദി 664, ത്വബ്‌റാനി-*കബീർ*, ഹൈഥമി-*മജ്‌മഉസ്സവാഇദ്* 3/110).

അബൂഹുറയ്‌റ(റ)യിൽനിന്നുദ്ധരിക്കുന്ന ഒരു നബിവചനം ഇങ്ങനെയാണ്:

"എല്ലാ പ്രഭാതത്തിലും രണ്ട് മലക്കുകൾ വാനലോകത്തുനിന്നു ഇറങ്ങിവരും. ഒരു മലക്ക് പ്രാർഥിക്കും: അല്ലാഹുവേ, ധർമിഷ്ഠന് നീ കൂടുതൽ പകരം നൽകേണമേ; മറ്റേ മലക്ക് പ്രാർഥിക്കും: അല്ലാഹുവേ, ചെലവഴിക്കാതെ കെട്ടിപ്പൂട്ടിവെക്കുന്നവന്ന് നീ നാശം പ്രദാനം ചെയ്യേണമേ!'(ബുഖാരി 3/241, മുസ്‌ലിം 1010, അഹ്‌മദ് 2/305,306).

വിഭവസമൃദ്ധമായ ഭക്ഷണം കഴിക്കാൻ സാമ്പത്തിക ശേഷിയുള്ളവരായിരുന്നില്ല പ്രവാചകനും കുടുംബവും. മദീനയിലെ മറ്റേത് സാധാരണക്കാരെക്കാളും ദരിദ്രരായിരുന്നു അവർ. എന്നിട്ടും ദാനശീലത്തിൽ പ്രവാചകകുടുംബത്തെ മറികടക്കാൻ ഒരാൾക്കും സാധിച്ചിരുന്നില്ല. ചോദിച്ചു വരുന്നവർക്കെല്ലാം പ്രവാചകൻ നൽകാറുണ്ടായിരുന്നു. ഒരാളെയും വെറുംകൈയോടെ മടക്കി അയക്കാറുണ്ടായിരുന്നില്ല. ദാനശീലം ഒരു സംസ്കാരമായി തന്റെ കുടുംബത്തിൽ അവിടുന്ന് വളർത്തിയെടുത്തിരുന്നു. ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം തിർമിദി (നമ്പർ: 2470) റിപ്പോർട്ട് ചെയ്തതാണ് ഈ ഹദീസ്. ഇതിന്റെ നിവേദക പരമ്പര 'സ്വഹീഹ്' ആണെന്ന് മുഹ്‌യിദ്ദീൻ ദീബ് മിസ്തു, സമീർ അഹ്‌മദുൽ അത്താർ, യൂസുഫ് അലി ബുദൈവി എന്നിവർ സാക്ഷ്യപ്പെടുത്തുന്നു.